ഗുരുമാർഗം

ജീവന്മുക്തന്റെ മുന്നിൽ നിന്നും പ്രകൃതി നിസഹായയായി മടങ്ങിപ്പോകുന്നു. ജീവന്മുക്തൻ പൊടുന്നനെ പ്രകൃതിയെ പരാജയപ്പെടുത്തുകയല്ല ചെയ്യുന്നത്.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

പുണർതം 03 - 34
നവമി 52-47
1939 ആശ്വിനം 21
1438 മുഹറം 21
1193 കന്നി 27

മതി, കൂടുതൽ നന്നാക്കേണ്ട

ട്രാൻസ്പോർട്ട് കോർപറേഷനിൽ ഒക്ടോബർ മാസത്തെ ശമ്പളം നൽകാനുള്ള വക കണ്ടെത്താൻ മാനേജ്മെന്റ് പതിവുപോലെ നാലുപാടും ഓടുന്നതിനിടയിലാണ് മാനേജിംഗ് ഡയറക്ടർ രാജമാണിക്യത്തിന് അപ്രതീക്ഷിത സ്ഥാനചലനം നേരിട്ടിരിക്കുന്നത്. സമൂലം കുത്തഴിഞ്ഞു കിടന്ന കോർപറേഷനെ പടിപടിയായി ഉയർത്തിക്കൊണ്ടുവരാനുള്ള ഭഗീരഥ പ്രയത്നത്തിലായിരുന്നു അദ്ദേഹം. ഇപ്പോഴത്തെ പദവിയിൽ ഒരു വർഷം പൂർത്തിയായ ഘട്ടത്തിൽത്തന്നെ മുൻപിൻ നോക്കാതെ അദ്ദേഹത്തെ കെ.എസ്.ആർ.ടി.സിയിൽ നിന്ന് പടിയടച്ച് പിണ്ഡം വയ്ക്കണമെന്ന തീരുമാനത്തിനു പിന്നിൽ കോർപറേഷൻ ഒരു കാലത്തും ഗുണം പിടിക്കരുതെന്ന ചില കുബുദ്ധികളുടെ ദുശാഠ്യം മാത്രമാണു കാണാനാവുക. ആഘോഷപൂർവം വിളിച്ചുകൊണ്ടുവന്നിരുത്തി കാര്യങ്ങൾ കുറച്ചെങ്കിലും നേരെയായി വരുന്ന ഘട്ടത്തിൽ ആളെ ഇറക്കിവിട്ടതിനു നാലുപേർ കേട്ടാൽ നിരക്കുന്ന എന്തെങ്കിലും ന്യായം മുന്നോട്ടുവയ്ക്കാനുണ്ടെങ്കിൽ വേണ്ടില്ലായിരുന്നു. സോളാറുമായി ബന്ധപ്പെട്ട് ഡി.ജി.പി ഹേമചന്ദ്രനെ പൊലീസിൽ നിന്നു മാറ്റിയതിന് ബലിയാടാകേണ്ടിവന്നത് രാജമാണിക്യമാണ്. ഉന്നത ഉദ്യോഗസ്ഥന്മാരുടെ വകുപ്പു മാറ്റം സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണെന്നു സമ്മതിക്കാമെങ്കിലും പ്രവർത്തന മേഖലയിൽ തിളങ്ങി നിൽക്കുന്ന ഒരാളെ കാരണമില്ലാതെ മാറ്റുമ്പോൾ അത് വിവേകശൂന്യമായ നടപടിയായേ കാണാൻ കഴിയൂ.

നാശത്തിന്റെ പടുകുഴിയിൽ കിടക്കുന്ന ട്രാൻസ്പോർട്ട് കോർപറേഷൻ അതേപടി തന്നെ കിടക്കട്ടെ എന്നു സർക്കാരിനും വാശിയുള്ളതുപോലെ തോന്നുന്നു. സ്ഥാപനത്തിന്റെ നിലനില്പിനെക്കാൾ പ്രധാനം യൂണിയനുകളുടെ കരുത്തും വീര്യവുമാണ് എന്നും തെല്ലും കുറയാൻ പാടില്ലെന്നു കരുതുന്നവർ ഏറെ ഉണ്ട്. കർക്കശക്കാരനായിരുന്ന എം.ഡിയുടെ അപ്രതീക്ഷിത സ്ഥാന ചലനത്തിൽ ഇക്കൂട്ടർ ആഹ്ലാദം കൊള്ളുന്നുണ്ടാകണം. അതുപോലെ വകുപ്പു മന്ത്രിയും ആദ്യം തൊട്ടേ എം.ഡിയുമായി ഇടച്ചിലായിരുന്നു എന്നും കേട്ടിരുന്നു. കോർപറേഷന്റെ നന്മ ഉദ്ദേശിച്ച് എം.ഡി കൈക്കൊണ്ട ചില ഭരണ നടപടികളോട് മന്ത്രിക്ക് എതിർപ്പായിരുന്നു. പ്രത്യേകിച്ചും കോർപറേഷന് അധികച്ചെലവു സൃഷ്ടിക്കുന്ന ചില സൂപ്പർ തസ്തികകളുടെ കാര്യത്തിൽ. സെക്രട്ടേറിയറ്റിലുള്ള തന്റെ ചില ആശ്രിതരെ കുടിയിരുത്താനുള്ള ശ്രമമായിരുന്നു ഇതിനു പിന്നിൽ. ഈ നീക്കത്തിന് എം.ഡി തടയിട്ടത് വിവാദമായിരുന്നു. സർവീസുകളുടെ പുനഃസംഘടന, ജീവനക്കാരുടെ പുനർവിന്യാസം, വരുമാനം കൂട്ടാനുള്ള പരിഷ്കാരങ്ങൾ, കുപ്രസിദ്ധമായ അദർ ഡ്യൂട്ടി സമ്പ്രദായം അവസാനിപ്പിക്കൽ തുടങ്ങി രാജമാണിക്യം കൈക്കൊണ്ട നടപടികൾ പരക്കെ ശ്രദ്ധ നേടിയവയാണ്. കോർപറേഷന്റെ കടബാദ്ധ്യതകൾ തീർക്കാനായി ബാങ്കുകളിൽ നിന്ന് 3000 കോടി രൂപയുടെ വായ്പ സംഘടിപ്പിക്കാനുള്ള അവസാന ഘട്ട ശ്രമവും നടന്നുവരികയായിരുന്നു. കോർപറേഷന്റെ പ്രവർത്തനം അടി മുതൽ മുടി വരെ മെച്ചപ്പെടാൻ തുടങ്ങിയപ്പോഴാണ് മാറ്റമുണ്ടായിരിക്കുന്നത്. നാഥനും നമ്പിയുമില്ലാത്ത അവസ്ഥ മാറി സ്ഥാപനത്തെ വിജയകരമായി നയിക്കാൻ ത്രാണിയും സാമർത്ഥ്യവുമുള്ള ഒരു മേധാവി ഉണ്ടെന്ന ധാരണ ശക്തിപ്പെടുന്നതിനിടെ ഉണ്ടായ സ്ഥാന ചലനം തീർച്ചയായും കോർപറേഷന്റെ ഭാവിയിൽ താത്പര്യമുള്ളവർക്കെല്ലാം ഞെട്ടലുണ്ടാക്കുന്നതാണ്. ഒരു സ്ഥാപനത്തിനും ഒരു ഉദ്യോഗസ്ഥൻ അനിവാര്യമല്ലെന്നു വാദിക്കാമെങ്കിലും പ്രത്യേക ഉദ്ദേശ്യലക്ഷ്യത്തോടെ നിയമിക്കപ്പെട്ട ആളെ ഒരു സാധൂകരണവുമില്ലാതെ പുറത്തേക്കുള്ള വാതിൽ കാണിക്കുന്നത് വിവേകപൂർവമാണെന്നു പറയാനാകില്ല.

കോർപറേഷൻ പഴയ പടി കുത്തഴിഞ്ഞുതന്നെ കിടന്നാൽ മതിയെന്നു വരുന്നത് സർക്കാരിനോ നാല്പതിനായിരത്തോളം വരുന്ന ജീവനക്കാർക്കോ നാടിനോ ഭൂഷണമല്ല. പുനരുദ്ധാരണ പദ്ധതിയെക്കുറിച്ച് വലിയ വായിൽ സംസാരിക്കുന്നവർ തന്നെ ചിലരുടെ സ്വാർത്ഥ താത്പര്യങ്ങൾക്കുവേണ്ടി സ്ഥാപനത്തെ കുരുതി കൊടുക്കാൻ നോക്കുകയാണ്. ഇതിനെതിരെ ജീവനക്കാർ തന്നെയാണ് ആദ്യം രംഗത്തുവരേണ്ടിയിരുന്നത്. നിർഭാഗ്യവശാൽ അങ്ങനെയൊന്നുമുണ്ടായില്ല.

കോർപറേഷന്റെ പ്രവർത്തനം സമൂലം ഉടച്ചുവാർക്കുന്നതിനുള്ള സുശീൽഖന്ന റിപ്പോർട്ടിലെ ചില ശുപാർശകൾ ഇതിനകം നടപ്പാക്കിത്തുടങ്ങിയിരുന്നു. ബസുകളിൽ നിന്നുള്ള പ്രതിദിന വരുമാനം ഗണ്യമായി ഉയരാനിടയായത് ഷെഡ്യൂളുകളുടെ പുനഃസംഘടന വഴിയാണ്. കോർപറേഷന് ബാദ്ധ്യതയായിരുന്ന ഡബിൾ ഡ്യൂട്ടി ഏർപ്പാട് അവസാനിപ്പിക്കാൻ കഴിഞ്ഞതും എല്ലാ വിഭാഗത്തിലും അച്ചടക്കം ഉറപ്പാക്കിയതും രാജമാണിക്യത്തിന്റെ നേട്ടങ്ങളാണ്. കൂടുതൽ ഇന്റർ സ്റ്റേറ്റ് സർവീസുകൾ തുടങ്ങിയതും 900 ബസുകൾ പുതുതായി വാങ്ങാൻ നടപടി ഉണ്ടായതും കഴിഞ്ഞ ഒരു വർഷത്തിനിടെയാണ്.

മേധാവികൾ വാഴാത്ത സ്ഥാപനമാണ് ട്രാൻസ്പോർട്ട് കോർപറേഷൻ എന്ന പഴി ഒരിക്കൽക്കൂടി ശരിവയ്ക്കുന്നതാണ് രാജമാണിക്യത്തിന്റെ പോക്കും പകരം ഡി.ജി.പി ഹേമചന്ദ്രന്റെ വരവും. സോളാർ വിവാദത്തിൽ തലയ്ക്കു മുകളിൽ കേസുമായി നിൽക്കുന്ന പുതിയ മേധാവിയെ എത്ര കാലം അവിടെ വച്ചുകൊണ്ടിരിക്കുമെന്ന് പറയാനാകില്ല. കോർപറേഷൻ പഴയ പടി കുത്തഴിഞ്ഞുതന്നെ കിടന്നാൽ മതിയെന്നു വരുന്നത് സർക്കാരിനോ നാല്പതിനായിരത്തോളം വരുന്ന ജീവനക്കാർക്കോ നാടിനോ ഭൂഷണമല്ല. പുനരുദ്ധാരണ പദ്ധതിയെക്കുറിച്ച് വലിയ വായിൽ സംസാരിക്കുന്നവർ തന്നെ ചിലരുടെ സ്വാർത്ഥ താത്പര്യങ്ങൾക്കുവേണ്ടി സ്ഥാപനത്തെ കുരുതി കൊടുക്കാൻ നോക്കുകയാണ്. ഇതിനെതിരെ ജീവനക്കാർ തന്നെയാണ് ആദ്യം രംഗത്തുവരേണ്ടിയിരുന്നത്. നിർഭാഗ്യവശാൽ അങ്ങനെയൊന്നുമുണ്ടായില്ല. സ്ഥാപനം തുലഞ്ഞാലും ഒന്നുമില്ലെന്ന മനോഭാവം കെ.എസ്.ആർ.ടി.സിയെ വിട്ടുപോകാൻ ഇനിയും കാലങ്ങളെടുക്കുമെന്നാണു തോന്നുന്നത്.

പ്രകൃതിയിലെ മാറ്റങ്ങൾ ഉൾക്കൊള്ളാം

പിണറായിവിജയൻ
(മുഖ്യമന്ത്രി)

ഇന്ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണദിനം

കേരളം കഴിഞ്ഞ കുറച്ച് വർഷങ്ങളായി നേരിട്ടുകൊണ്ടിരിക്കുന്ന വരൾച്ചയും അതോടനുബന്ധിച്ച് നേരിടേണ്ടിവരുന്ന പ്രാദേശിക പ്രശ്നങ്ങളും നമുക്ക് പല അർത്ഥത്തിലും പുതുതാണ്. ശുദ്ധജലലഭ്യതക്കുറവ്, വ്യാപകമായ കാട്ടുതീ, മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഇവയെല്ലാം ഒരു നൂറ്റാണ്ടുകാലത്തെ അതീവ രൂക്ഷതയിൽ എത്തിനിൽക്കുന്നു. ദുരന്തങ്ങൾ പല വിധത്തിൽ തുടരുകയാണ്. ഇവയുടെ ആഘാതം എങ്ങനെയൊക്കെ ലഘൂകരിക്കാം എന്നതാണ് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ ലോക രാജ്യങ്ങൾ ഒരുമിച്ച് ചിന്തിക്കുന്നത്.

പ്രകൃതി എന്ന പ്രതിഭാസത്തിന്റെ അവിഭാജ്യ ഘടകമാണ് മനുഷ്യൻ. മനുഷ്യൻ ഒന്നും പ്രകൃതി മറ്റൊന്നും എന്ന ചിന്ത വെടിഞ്ഞുകൊണ്ടേ നമുക്ക് പ്രകൃതിയെയും പ്രകൃതിദുരന്തങ്ങളെയും സമീപിക്കാനാവൂ. ഇക്കാര്യം തുടക്കത്തിൽ തന്നെ മനസിലുറപ്പിക്കണം. എങ്കിൽ മാത്രമേ ഏതു പ്രകൃതിദുരന്തത്തെയും ഫലപ്രദമായി സമീപിക്കുവാൻ സാധിക്കൂ. 44 നദികളും മലനാടും ഇടനാടും തീരങ്ങളും ഇവ ചേർന്നൊരുക്കുന്ന ഫലപുഷ്ടിയുമെല്ലാം ലോകത്തിലെ തന്നെ മനോഹരമായ ഭൂപ്രദേശങ്ങളിൽ ഒന്നാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റി. മറ്റു സംസ്ഥാനങ്ങളെ ഗ്രസിച്ചിരുന്ന തീവ്രതയോടുകൂടി കേരളത്തെ പ്രകൃതി ദുരന്തങ്ങൾ അടുത്തകാലം വരെ ഗ്രസിച്ചിരുന്നില്ല. എന്നാൽ, കഴിഞ്ഞ രണ്ട് ദശാബ്ദമായി നമ്മുടെ സംസ്ഥാനത്തെ ദുരന്തങ്ങളുടെ തീവ്രത വർദ്ധിച്ചുവരുന്നു.

കേരളത്തിൽ ദുരന്തങ്ങൾ തീവ്രമാകുന്നതിന് കാലാവസ്ഥാ വ്യതിയാനം, ഭൗമാന്തർഭാഗത്തെ പ്രതിഭാസങ്ങൾ എന്നീ കാരണങ്ങളൊക്കെയുണ്ടാവാം. എന്നാൽ, ഇവ മാത്രമാണെന്നു പറയുന്നതിൽ അർത്ഥമില്ല. കാലവർഷക്കാലത്തു തന്നെ മഴ ഇല്ലാത്ത ദിവസങ്ങളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. കാലവർഷം ആരംഭിക്കാൻ വൈകുന്നുണ്ട്. മഴയുടെ അളവു കുറയുന്നുണ്ട്. ഇതൊക്കെ ശാസ്ത്രീയമായി അംഗീകരിച്ചിട്ടുമുണ്ട്. ഇതൊക്കെ ഒരു വഴിക്കുനടക്കുമ്പോൾത്തന്നെ, മഴ കൂടുതൽ ലഭിക്കുന്ന വർഷങ്ങളിലും പ്രദേശങ്ങളിലും തന്നെ പലപ്പോഴും ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. ഇതിനെന്തു കാരണം പറയും? കാരണം അന്വേഷിക്കുമ്പോഴാണ് പ്രകൃതിയിലെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാൻ നാം തയ്യാറാകുന്നില്ല എന്ന സത്യം തെളിഞ്ഞുവരുന്നത്. നമ്മുടെ ഭൂവിനിയോഗം ദുരന്ത സാദ്ധ്യത വർദ്ധിപ്പിക്കുന്ന രീതിയിലാണ്. നാം തന്നെ നമ്മുടെ ഭാവിതലമുറയ്ക്ക് വസിക്കാൻ സാധിക്കാത്ത തരത്തിലേക്ക് ഈ ഭൂമിയെ മാറ്റുകയാണ്. എന്നാൽ, ഇതിനേക്കാളും വലിയ ദുരന്തം ഈ ബോധം പോലും നമ്മിൽ ഇല്ലാതെയാവുന്നു എന്നതാണ്. സുസ്ഥിരവും പ്രകൃതിക്ക് അനുയോജ്യവുമായ പ്രവർത്തനങ്ങളാകണം പ്രാദേശിക വികസനത്തിന്റെ ആധാരശില എന്നത് ജനസാമാന്യത്തിന്റെ ബോധമാക്കി മാറ്റുവാൻ കഴിയണം. ഇതിനായി വികസനവും നിർമാണവും വേണ്ട എന്ന നിലപാടെടുക്കാനാവുമോ? അതുമില്ല. വേണ്ടത് ഒരു സമതുലിത സമീപനമാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തി, അതത് പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള ഒരു വികസന-നിർമാണ ചട്ടക്കൂട് രൂപീകരിക്കുവാൻ തദ്ദേശ-സ്വയംഭരണ സർക്കാരുകൾ തയ്യാറാകണം. ശരിക്കും കേരളത്തിലെ ദുരന്ത മരണങ്ങളിലെ പ്രധാന കുറ്റവാളി. റോഡ് അപകടങ്ങളും മുങ്ങി മരണവുമാണ് വെള്ളത്തിൽ മുങ്ങിമരിക്കാൻ പോകുന്നവരെ രക്ഷിക്കാൻ ഏതാനും മിനിട്ടുകളേ കിട്ടുകയുള്ളൂ. സേനകൾവന്ന് രക്ഷിക്കട്ടെ എന്നു പറഞ്ഞ് കാത്തിരിക്കാനാവില്ല. ഉടനടി നടപടിയുണ്ടാവണം. അത് ഏതു വിധത്തിലാവണം? അക്കാര്യം സംബന്ധിച്ച് ചില തത്വങ്ങൾ വിദഗ്ദ്ധർ മുമ്പോട്ടുവച്ചിട്ടുണ്ട്. അത് എങ്ങനെ, എത്രത്തോളം പ്രായോഗികമാക്കാം എന്ന് കേരളത്തിന്റെ സാഹചര്യത്തിൽ ആലോചിക്കണം. കൂടെ എടുത്തുചാടുകയല്ല, കരയിൽനിന്നു രക്ഷിക്കുകയാണ് വേണ്ടത് എന്ന് അവർ പറയുന്നു.

ജനങ്ങളുടെ സേവന മനോഭാവത്തെ കേന്ദ്ര സിവിൽ ഡിഫെൻസ് നിയമത്തിന്റെ വെളിച്ചത്തിൽ സാമൂഹികാധിഷ്ഠിത ദുരന്തപ്രതികരണ സേനയുടെ രൂപത്തിൽ ഏകോപിപ്പിച്ച് എല്ലാ താലൂക്കിലുമായി ഏകദേശം 3000 First Responders അടുത്ത 5 വർഷം കൊണ്ട് വാർത്തെടുക്കുക എന്നതാണ് സംസ്ഥാന അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന ലക്ഷ്യം.

"Throw, Dont Jump" എന്നതാണ് ഈ വിഷയത്തിലെ ആഗോള മുദ്രാവാക്യം തന്നെ. കയറോ, കമ്പോ, തുണിയോ എറിഞ്ഞു കൊടുക്കുക, അതിൽപിടിച്ചു കയറുക. അതാണ് ശരിയായ രീതിയെന്ന് അവർ പറയുന്നു. അതല്ലെങ്കിൽ ഒരു മരണത്തിന്റെ സ്ഥാനത്ത് രണ്ടോ അതിലധികമോ മരണമുണ്ടാവുന്നിടത്തേക്ക് കാര്യങ്ങൾ ചെന്നെത്തുമെന്ന് അവർ പറയുന്നു. എന്നാൽ, ജലാശയങ്ങൾ ധാരാളമായി ഉള്ള കേരളത്തിൽ നീന്തലിൽ വൈദഗ്ദ്ധ്യമുള്ളവർ മുങ്ങിത്താഴുന്നവരെ ഏതാണ്ട് ശാസ്ത്രീയമായ രീതിയിൽത്തന്നെ നീന്തിച്ചെന്ന് രക്ഷപ്പെടുത്തിക്കൊണ്ടുവന്ന സംഭവങ്ങളുണ്ട്. ചെറിയ പിഴവുകളിൽ നിന്നാണ് പലപ്പോഴും വലിയ ദുരന്തങ്ങളുണ്ടാകുന്നത്. ഏതൊക്കെ ദുരന്തങ്ങളിൽ എന്തൊക്കെ നാശനഷ്ടങ്ങൾക്ക് ദുരന്ത പ്രതികരണ നിധി ഉപയോഗപ്പെടുത്താമെന്ന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ/പാറ വീഴ്ച, വരൾച്ച, ആലിപ്പഴ വർഷം, മേഘസ്ഫോടനം, ഭൂമികുലുക്കം, സുനാമി, കാട്ടു തീ, ശൈത്യ തരംഗം, കീടബാധ എന്നിവ രാജ്യം ദുരന്തമായി അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ സവിശേഷ സാഹചര്യത്തിൽ ശക്തമായ കാറ്റ്, ഇടിമിന്നൽ, തീരശോഷണം, മണ്ണൊലിപ്പ് എന്നിവ സംസ്ഥാന അതോറിട്ടി ദുരന്തമായി അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി പ്രധാനമായും ഇടപെടുന്നത് ഈ ദുരന്തങ്ങളുടെ ആഘാത ലഘൂകരണത്തിനാണ്. നാം സ്വീകരിക്കുന്ന ഗൃഹനിർമാണശൈലി പോലും ദുരന്ത ലഘൂകരണത്തെ മുന്നിൽ കണ്ടുകൊണ്ടാണോ എന്ന് ഗൗരവമായി ചിന്തിക്കണം. വെള്ളപ്പൊക്ക-വരൾച്ചാ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിൽ നമ്മുടെ ആധുനിക ഗൃഹനിർമാണശൈലി വളരെ വലിയ അളവിൽ പങ്കുവഹിക്കുന്നുണ്ട്.

ഇടിമിന്നൽ, ശക്തമായ മഴ എന്നിവയുടെ പ്രവചനത്തിനുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ അതോറിട്ടി സ്വീകരിച്ച് കഴിഞ്ഞു. ഭൂകമ്പ നിരീക്ഷണ സംവിധാനവും ദുരന്ത സാഹചര്യവിശകലന സാങ്കേതിക വിദ്യയും ഇന്ന് അതോറിട്ടിക്ക് ലഭ്യമാണ്. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിട്ടികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനായി, കേന്ദ്ര ദുരന്ത നിവാരണ അതോറിട്ടിയുടെ സാമ്പത്തിക സഹായത്തോടെ, ഈ സർക്കാർ 12 സാങ്കേതിക തസ്തികകൾ അനുവദിച്ചു. എല്ലാ ജില്ലയിലും ഒരു സാങ്കേതിക വിദഗ്ദ്ധന്റെ സേവനവും ഇടുക്കി, വയനാട്, എറണാകുളം എന്നിവിടങ്ങളിൽ ഉപഗ്രഹാധിഷ്ഠിത വിവര സംവേദന സാങ്കേതിക വിദ്യ സ്ഥാപിക്കുകയും അധികമായി ഓരോ കമ്മ്യൂണിക്കേഷൻ സ് എൻജിനിയറെയും നിയമിക്കുകയും ചെയ്തു. ദുരന്ത പ്രതികരണത്തിനുള്ള പ്രാദേശിക സന്നദ്ധസേനകളെ സജ്ജമാക്കുന്നതിലും ദുരന്തങ്ങൾ സംഭവിക്കുന്നതിനു മുമ്പ് നേരിടാൻ തയ്യാറെടുക്കുന്നതിലും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും ദുരന്തശേഷമുള്ള ആശ്വാസ പ്രവർത്തനങ്ങളിൽ സേനയെ വിനിയോഗിക്കുന്നതിലും ജനപ്രതിനിധികൾക്ക് നിർണായകമായ പങ്കാണുള്ളത്. വ്യക്തമായ അവബോധമുള്ള പ്രാദേശിക സന്നദ്ധസേനകൾ ഉണ്ടെങ്കിൽ ചുഴലിക്കാറ്റു മുതൽ ഭൂമികുലുക്കം വരെയുള്ള ഏതു വലിയ ദുരന്തങ്ങളെയും നേരിടുവാൻ പ്രാപ്തിയുള്ള സമൂഹമായി മാറുവാൻ നമുക്ക് കഴിയും.

കേരളത്തിൽ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ അഗ്നി സുരക്ഷാ വകുപ്പ് മേധാവിയെ സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ മേധാവിയായി കൂടെ പ്രഖ്യാപിച്ചിരുന്നെങ്കിലും കാര്യമായ ഒരു നടപടിയും ഈ സന്നദ്ധ സേനയുടെ രൂപീകരണത്തിന് എടുക്കപ്പെട്ടില്ല എന്ന വ്യസനകരമായ വസ്തുത ഉണ്ട്. സർക്കാരിന്റെ ഈ വിഷയത്തിലുള്ള സവിശേഷ ശ്രദ്ധയും കരുതലും ഉൾക്കൊണ്ട്, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി ഇതിനായി സന്നദ്ധമായി കഴിഞ്ഞു. തൃശ്ശൂർ കേന്ദ്രീകരിച്ച് സിവിൽ ഡിഫെൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയും അഗ്നിസുരക്ഷാ വകുപ്പും ഏറ്റെടുത്തിട്ടുണ്ട്.

ഇന്ന്, 2017ലെ ഈ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ, കേരളത്തിലെ സാമൂഹികാധിഷ്ഠിത ദുരന്തപ്രതികരണ സേനയുടെ രൂപീകരണത്തിനുള്ള ആദ്യ നിർണായക ചുവടുവയ്പ് നാം ഒറ്റക്കെട്ടായി എടുക്കുകയാണ്. ജനങ്ങളുടെ സേവന മനോഭാവത്തെ കേന്ദ്ര സിവിൽ ഡിഫെൻസ് നിയമത്തിന്റെ വെളിച്ചത്തിൽ സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ രൂപത്തിൽ ഏകോപിപ്പിച്ച് എല്ലാ താലൂക്കിലുമായി ഏകദേശം 3000 First Responders അടുത്ത 5 വർഷം കൊണ്ട് വാർത്തെടുക്കുക എന്നതാണ് സംസ്ഥാന അതോറിട്ടി ഏറ്റെടുത്തിരിക്കുന്ന ലക്ഷ്യം. ഇതിനായി കേന്ദ്ര ദുരന്തനിവാരണ അതോറിട്ടിയുടെ സഹായത്തോടെ, 'ആപത്മിത്രാ' പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽനിന്നു തിരഞ്ഞെടുത്ത 200 സന്നദ്ധ പ്രവർത്തകർക്ക് ദുരന്തസമയ പ്രതികരണ പ്രവർത്തനത്തിൽ പരിശീലനം നൽകുവാനുള്ള പദ്ധതി ആരംഭിക്കുകയാണ്. ഇത് ദുരന്ത നിവാരണ രംഗത്തെ ഒരു പുതിയ ചുവടുവയ്പാണ്. സുരക്ഷിത കേരളത്തിനായി നമുക്ക് ഒരുമിച്ച് മുന്നേറാം.

കസുവോ ഇഷിഗുരോയും നോബൽ സമ്മാനവും

എൻ.ഇ.സുധീർ

ഈ വർഷത്തെ സാഹിത്യ നോബൽ സമ്മാനം ബ്രിട്ടീഷ് നോവലിസ്റ്റ് കസുവോ ഇഷിഗുരോവിനെയാണ് തേടിയെത്തിയത്. നോബൽ കിട്ടാനിടയുള്ള നോവലിസ്റ്റ് എന്ന നിലയിൽ പറഞ്ഞു കേട്ട ഒരു പേരായിരുന്നില്ല അദ്ദേഹത്തിന്റേത്. എന്നാൽ എഴുത്തിന്റെ ലോകത്ത് ഏറെ പ്രശസ്തനും ലോകമെമ്പാടും ധാരാളം വായനക്കാരും ഉള്ള ഈ നോവലിസ്റ്റ് വിശ്വ സാഹിത്യ മണ്ഡലത്തിലെ ഒരു വലിയ സാന്നിധ്യമാണ്. അദ്ദേഹത്തേക്കാൾ ഈ പുരസ്കാരത്തിന് അർഹതയുള്ളവർ ഏറെ ജീവിച്ചിരിക്കുന്നു എന്ന തോന്നൽ നല്ല വായനക്കാരിൽ ഉണ്ടായിട്ടുണ്ടാവും. ഏതൊരു പുരസ്കാരവും ആർക്ക്, എപ്പോൾ കൊടുക്കുന്നു എന്നതിന് പ്രസക്തിയുണ്ടല്ലോ. അങ്ങനെ നോക്കുമ്പോൾ ഇപ്പോൾ സ്വീഡിഷ് അക്കാഡമി ഒരു എടുത്തുചാട്ടം നടത്തി എന്നാണ് എന്നിലെ വായനക്കാരനും കരുതുന്നത്. ഇഷിഗുരോ എന്ന നോവലിസ്റ്റിന് ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ട്. ഒരു വേള ഇപ്പോൾ പുറത്തു വന്നതിനേക്കാളും നല്ല കൃതികൾ അദ്ദേഹം ഇനി എഴുതാനിരിക്കുന്നതേയുള്ളൂ. അതാണ് അനവസരത്തിലുള്ള ഒരു കണ്ടെത്തലായി ഈ വർഷത്തെ നോബൽ പുരസ്കാരത്തെ വിശേഷിപ്പിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്.

കസുവോ ഇഷിഗുരോ

ഇഷിഗുരോയുടെ നോവലുകൾ മോശപ്പെട്ടവയാണെന്ന ഒരു വിധിയെഴുത്തായി ഇതിനെ കരുതരുത്. ചോദ്യം നോബൽ സാധ്യതയ്ക്കുള്ള അത്ര കരുത്തുള്ളവയാണോ അവ എന്നതാണ്. ഒരു നവീന ഭാവുകത്വം, ഒരു പുതിയ സൗന്ദര്യ ദർശനം, വേറിട്ട ശില്പചാതുര്യം ഒക്കെ മുന്നോട്ടു വയ്ക്കുന്ന സാഹിത്യകാരന്മാരെ കണ്ടെത്തി ആദരിക്കുകയാണ് സ്വീഡിഷ് അക്കാഡമിയുടെ ദൗത്യം. ചില നിരാശപ്പെടുത്തലുകൾ ഒഴിച്ച് നിർത്തിയാൽ

പൊതുവിൽ അവർ അതു തന്നെയാണ് പിന്തുടർന്ന് പോകുന്നതും. ചെക് നോവലിസ്റ്റ് മിലാൻ കുന്ദേര,

ആസ്ട്രേലിയൻ നോവലിസ്റ്റും നാടക കൃത്തുമായ പീറ്റർ ഹാൻഡ്കെ, ഡാന്യൂബ് എന്ന കൃതിയിലൂടെ വായന സമൂഹത്തെ വിസ്മയിപ്പിച്ച ഇറ്റാലിയൻ എഴുത്തുകാരൻ ക്ലോഡിയോ മഗ്രിസ്, കെനിയൻ നോവലിസ്റ്റ് വാതുൻഗോ എൻഗുഗി, സിറിയൻ കവി അഡോണിസ്, പോർച്ചുഗീസ് നോവലിസ്റ്റ് അന്റോണിയോ ലോബോ ആന്റ്യൂൺസ്, ഹങ്കേറിയൻ നോവലിസ്റ്റ് ലാസ്ലോ ക്രിസ്നേഹോക്കി, അമേരിക്കൻ നോവലിസ്റ്റ് പോൾ ആസ്റ്റർ, ജാപ്പനീസ് നോവലിസ്റ്റ് മുറകാമി, സൽമാൻ റുഷ്ദി, കനേഡിയൻ എഴുത്തുകാരി മാർഗേരറ്റ് അറ്റ്വുഡ്, ഇന്ത്യൻ നോവലിസ്റ്റ് അമിതാവ് ഘോഷ് അങ്ങനെ പലരും നോബൽ കിട്ടേണ്ടവർ എന്ന നിലയിൽ പ്രശസ്തരാണ്. അവരുടെ പേരുകൾ എല്ലാ വർഷവും പറഞ്ഞു കേൾക്കാറുമുണ്ട്. ഇത്തവണയും ഇവരിൽ ആർക്കെങ്കിലും കിട്ടും എന്ന് പലരും വിശ്വസിച്ചു.

ഇഷിഗുരോ വിചാരിച്ചത് മാർഗരറ്റ് അറ്റ്വുഡിന് കിട്ടും എന്നാണെന്ന് അദ്ദേഹം ഒരു അഭിമുഖത്തിൽ തുറന്നു പറയുകയും ചെയ്തിട്ടുണ്ട്. 1954 ൽ ജപ്പാനിലെ നാഗസാക്കിയിൽ ജനിച്ച ഇഷിഗുരോ 1960 ൽ കുടുംബത്തോടൊപ്പം ബ്രിട്ടനിൽ സ്ഥിര താമസമാക്കി. കെന്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് സാഹിത്യത്തിലും ദർശനത്തിലും ബിരുദം നേടിയ ശേഷം 1 982 ൽ A Pale View of Hills എന്ന നോവലിലൂടെ അദ്ദേഹം എഴുത്തിന്റെ ലോകത്തേക്ക് കടന്നു. 1986 ൽ An Artist of the Floating World എന്ന കൃതി പുറത്തു വന്നു. 1989 ൽ രചിച്ച

The Remains of the Day എന്ന മാസ്റ്റർപീസിലൂടെ ബുക്കർ സമ്മാനം നേടി. അതോടെ ലോകത്തെമ്പാടും അറിയപ്പെട്ടു, വലിയ ഒരു വായനസമൂഹം അദ്ദേഹത്തിന്റെ ആരാധകരായി മാറി. അതിലെ മുഖ്യ കഥാപാത്രമായ സ്റ്റീവൻസ് എന്ന പാചകക്കാരൻ വായനക്കാരുടെ പ്രിയപ്പെട്ടവനായി. ഈ നോവലിന്റെ കഥ പിന്നീട് പ്രശസ്തമായ ഒരു സിനിമയ്ക്ക് പ്രമേയമായി. ഈ കൃതി ഇഷിഗുരുവിനെ ലോക എഴുത്തുകാരുടെ ഇടയിൽ സ്ഥാനം നേടാൻ സഹായിച്ചു. തുടന്ന് The Unconsoled (1995), When We Were Orphans (2000) Never Let Me Go (2005) The Buried Giant (2015) എന്നീ കൃതികളും ഇഷിഗുരുവിന്റേതായി ലോകസാഹിത്യത്തിനു ലഭിച്ചു. നോബൽ കമ്മറ്റി പറഞ്ഞത് പോലെ ഇവയിൽ മനുഷ്യ മനസ്സിന്റെ അഗാധതകളെ ഉൾക്കൊള്ളാനുള്ള തീവ്ര ശ്രമമുണ്ട്.

മനസ്സിന്റെ വൈകാരിക ശക്തി കാണിച്ചു തരുന്നതിൽ ആ ഭാഷയും ശൈലിയും വിജയിച്ചിട്ടുണ്ട്. വേരുകളിലും പാരമ്പര്യങ്ങളിലും അള്ളി പിടിച്ചു കിടക്കാതെ എഴുത്തിന്റെ ഒരു സ്വതന്ത്ര ലോകം ഈ നോവലിസ്റ്റ് കണ്ടെത്തി. എന്നാൽ എഴുത്തിന്റെ രീതികളിൽ വലിയ മാറ്റങ്ങൾക്ക് തയ്യാറായതുമില്ല. വായനയുടെ സുഖകരമായ ഒരു തലം സൃഷ്ടിച്ചു കൊണ്ട് വായനക്കാരെ സന്തോഷിപ്പിച്ചു ഈ നോവലിസ്റ്റ്. സംഗീതരംഗത്തും, ഗാന രചനയുടെ രംഗത്തും അദ്ദേഹം ഒരിടം നേടി.

സാഹിത്യാനുഭവത്തിൽ ഒരു പുതിയ ഭാവുകത്വം സൃഷ്ടിക്കാൻ കസുവോ ഇഷിഗുരോ എന്ന നോവലിസ്റ്റിനു കഴിഞ്ഞില്ല എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് സ്വീഡിഷ് അക്കാഡമിയുടെ പ്രഖ്യാപനം എന്നിലെ വായനക്കാരനെ നിരാശപ്പെടുത്തിയത് അതേസമയം അദ്ദേഹത്തിലെ വലിയ എഴുത്തുകാരനെ ഞാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ആ ഭാവനാ മണ്ഡലം നമുക്ക് മുന്നിൽ വലിയ ഒരു ലോകം തുറന്നിടുന്നു. രചനകളിലെ ശില്പ പരമായ അച്ചടക്കത്തിൽ അദ്ദേഹം വലിയ ഉയരങ്ങൾ താണ്ടിയിട്ടുണ്ട്. ഓരോ കൃതിയും ഇക്കര്യത്തിൽ ഒന്നിനൊന്നു മികവ് പുലർത്തുന്നവയാണ്. അതിന് ഒരു നവീന തലം സൃഷ്ടിക്കാൻ കഴിഞ്ഞുവോ എന്ന കാര്യത്തിൽ സന്ദേഹമുണ്ടെന്നു മാത്രം. അതുകൊണ്ടാണ് ഇത്തവണത്തെ നോബൽ പുരസ്കാരം അർഹിക്കുന്ന കൈകളിൽ ചെന്ന് ചേർന്നു എന്ന് വിചാരിക്കാൻ നല്ല വായനക്കാരന്റെ മനസ് സമ്മതിക്കാത്തത്. അത് ഇഷിഗുരോ എന്ന എഴുത്തുകാരനെ കുറച്ചു കാണലല്ല. സാഹിത്യ നോബൽ എന്ന ആശയം മുന്നോട്ടു വയ്ക്കുന്ന വലിയ തലത്തിലേക്ക് എത്തിച്ചേരാൻ അദ്ദേഹം ഇനിയും ഭാവന യാത്ര തുടരേണ്ടതുണ്ട്. അതെ സമയം അങ്ങനെ വലിയ യാത്ര നടത്തിയ പ്രതിഭാ ശാലികളായ എഴുത്തുകാരുടെ വലിയ നിര നോബൽ കമ്മറ്റിയുടെ മുന്നിൽ ഉണ്ടായിരുന്നു. അവരതു എന്തുകൊണ്ട് കണ്ടില്ലെന്നു നടിച്ചു? അതാണ് വായനക്കാരെ അലട്ടുന്ന പ്രശ്നം.

ആ ഭാവനാ മണ്ഡലം നമുക്ക് മുന്നിൽ വലിയ ഒരു ലോകം തുറന്നിടുന്നു. രചനകളിലെ ശില്പ പരമായ അച്ചടക്കത്തിൽ അദ്ദേഹം വലിയ ഉയരങ്ങൾ താണ്ടിയിട്ടുണ്ട്. ഓരോ കൃതിയും ഇക്കര്യത്തിൽ ഒന്നിനൊന്നു മികവ് പുലർത്തുന്നവയാണ് . അതിന് ഒരു നവീന തലം സൃഷ്ടിക്കാൻ കഴിഞ്ഞുവോ എന്ന കാര്യത്തിൽ സന്ദേഹമുണ്ടെന്നു മാത്രം .

നോബൽ പുരസ്കാരം പലപ്പോഴും നിരാശപ്പെടുത്തിയിട്ടുണ്ട്. തികച്ചും അനർഹരെ തിരഞ്ഞെടുക്കുകയും, അർഹരായ പലരെയും അവഗണിക്കുകയും ചെയ്ത ചരിത്രം നമ്മുടെ മുന്നിലുണ്ട്. ഇഷി ഗുരോയുടെ കാര്യത്തിൽ അവരല്പം ധൃതി കാണിച്ചു എന്ന് മാത്രമേ പറയുവാനുള്ളൂ. ഒരു വേള മികച്ച ഒരു മാസ്റ്റർപീസ് ആ ഭാവനയിൽ നിന്ന് ഇനിയും വായനക്കാർക്ക് ലഭിക്കുമായിരിക്കും.

(ലേഖകന്റെ ഫോൺ :9495995477)

കയറിനായി ദേശീയ സെമിനാറുകൾ

പ്രതികരണങ്ങൾ

കരകയറുന്ന കയർ

■ അഡ്വ. കെ.ആർ. ഭഗീരഥൻ
(ചെയർമാൻ, ഫോംമാറ്റിംഗ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്)

പുനർജ്ജനിക്കുന്ന കയർ വ്യവസായത്തിന് ദിശാബോധം പകരുന്ന പരമ്പര. കയറിന്റെ പരമ്പരാഗത ഉത്പന്നങ്ങൾ കൊണ്ടുമാത്രം വിപണിയിൽ പിടിച്ചുനിൽക്കാനാവില്ല. ആധുനികവത്കരണം, യന്ത്രവത്കരണം, വൈവിധ്യവത്കരണം എന്നിവ നടപ്പാക്കിയാൽ കയർ പുനസംഘടന വൻ വിജയമാകും. ഫോം മാറ്റിംഗ്സ് നിർമ്മിക്കുന്ന കയർകമ്പോസിറ്റ് ബോർഡുകൾ, കയർ ഭൂവസ്ത്രം, ലാറ്റെക്സ് ചെയ്ത് നിർമ്മിക്കുന്ന കയർബാഗുകൾ തുടങ്ങിയ വൈവിധ്യവത്കരണത്തിന്റെ ഭാഗമാണ്. കയറിന്റെ പുനരുജ്ജീവനം സാദ്ധ്യമായാൽ ഈ മേഖലയിൽ നിന്ന് കൊഴിഞ്ഞുപോയ തൊഴിലാളികൾ തിരികെയെത്തും. യന്ത്രവത്കരണം വരുന്നതോടെ പുതുതലമുറയിലെ അഭ്യസ്തവിദ്യരായ നിരവധിപേർക്ക് തൊഴിൽ ലഭിക്കും. കയർമേഖലയ്ക്ക് വൻ മാറ്റമുണ്ടാകും.

■ സി. സുരേഷ് കുമാർ
(കയർഫെഡ് എം.ഡി)

ഹരിതവിപ്ലവം, ധവള വിപ്ലവം മാതൃകയിലൊരു 'കയർ വിപ്ലവ'ത്തിനാണ് മന്ത്രി ടി.എം. തോമസ് ഐസക് തുടക്കമിട്ടിരിക്കുന്നത്. രണ്ടാം കയർ പുനസംഘടനാ പാക്കേജ്, കയർ വ്യവസായമേഖലയിൽ വൻമാറ്റത്തിന് വഴിതെളിക്കുമെന്നാണ് പ്രതീക്ഷ. അന്താരാഷ്ട്ര കയർ കേരള മേളയിൽ നിന്നും ഇക്കാര്യം വ്യക്തമായിട്ടുണ്ട്. ആഭ്യന്തര കയർ വിപണിയുടെ വിപുലീകരണത്തിന് കയർഫെഡ് പ്രത്യേക പ്രാധാന്യം നൽകും. കേരളത്തിലെ ഓരോ വീട്ടിലും കയറുത്പന്നമെത്തിക്കാനാണ് കയർഫെഡിന്റെ ശ്രമം. ഇതിനായി ചെറുകിട വിതരണ ശൃംഖല വിപുലീകരിക്കും. കേരളത്തിനകത്തും പുറത്തുമുള്ള കയർഫെഡ് ഷോറൂമുകൾ നവീകരിക്കും. കൂടുതൽ കടകളിലൂടെ കയറുത്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഏർപ്പാടുകൾ ചെയ്യും. കയറിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളായ കൊക്കോപിത്ത് കാർഷികമേഖലയിൽ ഉപയോഗിക്കുന്നതിനും വളമാക്കിമാറ്റുന്നതിനുമുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കും. കയർഫെഡിന് കീഴിൽ കേരളത്തിലങ്ങോളമിങ്ങോളമുള്ള സൊസൈറ്റികൾ നിന്നും വൻതോതിൽ ഉത്പന്നങ്ങൾ സംഭരിക്കും. ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ സൊസൈറ്റികളെ പ്രേരിപ്പിക്കും. ഇത് കയർ വ്യവസായമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. കയർ ഭൂവസ്ത്രങ്ങളുടെ പ്രയോജനം അയൽ സംസ്ഥാനങ്ങളിലെത്തിക്കുന്നതിനായി ദേശീയതലത്തിൽ സെമിനാറുകളും മറ്റും സംഘടിപ്പിക്കും.